Break the chain
കൈവിടാതിരിക്കാം... കൈ കഴുകൂ...

തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 1272/വനവൽക്കരണം/2020/അഡ്മിൻ. 31.05.2022

## ലേല നോട്ടീസ്

### തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല - മരങ്ങൾ മുറിച്ച് വാങ്ങുന്നതിന് പരസ്യമായി ലേലം ചെയ്യുന്നത് സംബന്ധിച്ച്

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ അക്ഷരം കാമ്പസിലുള്ള 160 അക്വേഷ്യാ മരങ്ങൾ, 75 കാറ്റാടി മരങ്ങൾ എന്നിവ മുറിച്ച് വിൽക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ അനുമതി ലഭിച്ചതിനാൽ 06.06.2022 ന് രാവിലെ 10.30 ന് സർവകലാശാല കാമ്പസിൽ വെച്ച് മേൽ പ്രകാരമുള്ള 235 മരങ്ങൾ മുറിച്ചു വാങ്ങുന്നതിന് പരസ്യമായി ലേലം ചെയ്യുന്നതാണ്.

| മരങ്ങൾ | ബ്ലോക്ക്- 1 | ബ്ലോക്ക്-2 | ബ്ലോക്ക്-3 | ആകെ |
|---|---|---|---|---|
| അക്വേഷ്യ | 56 എണ്ണം | 31 എണ്ണം | 73 എണ്ണം | 160 എണ്ണം |
| കാറ്റാടി | 2 എണ്ണം | 20 എണ്ണം | 53 എണ്ണം | 75 എണ്ണം |

ലേല സാധനങ്ങൾ സർവകലാശാലയിലെ എസ്റ്റേറ്റ് ഓഫീസറുടെ അനുവാദത്തോടുകൂടി ലേല തീയതിക്കു മുമ്പായി ഓഫീസ് പ്രവർത്തനസമയത്ത് വന്ന് പരിശോധിക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലദിവസം രാവിലെ 10 നും 10.30 നും ഇടയിൽ 12,300/- രൂപ നിരതദ്രവ്യം അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

രാവിലെ 10.30 ന് ലേലം ആരംഭിക്കുന്നതും ഏറ്റവും കൂടുതൽ ലേല തുക രേഖപ്പെടുത്തുന്ന ആൾ ലേല സ്ഥിരീകരണത്തിനു വിധേയമായി ലേല തുകയുടെ 50% വും 18% ജി.എസ്.ടി.യും 3 പ്രവർത്തി ദിവസത്തിനുള്ളിൽ തന്നെ കെട്ടിവെയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം കെട്ടിവെച്ച് 15 ദിവസത്തിനകം തന്നെ മരങ്ങൾ മുറിച്ചു നീക്കം ചെയ്യേണ്ടതുമാണ്. അല്ലാത്ത പക്ഷം നിരത ദ്രവ്യം സർവകലാശാലയിലേക്ക് കണ്ടുകെട്ടുന്നതുമാണ്.

ലേല സാധനങ്ങൾ ലേലത്തിൽ പങ്കെടുക്കുന്നവർ കണ്ട് ബോദ്ധ്യപ്പെടേണ്ടതും, പിന്നീട് യാതൊരു വിധ പരാതി ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ പാടില്ലാത്തതുമാണ്. ലേല വ്യവസ്ഥ ലംഘിക്കുന്ന വരുടെ നിരതദ്രവ്യം സർവകലാശാലയിലേക്ക് കണ്ട്കെട്ടുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ ബന്ധപ്പെടാവുന്ന താണ്. വിശദവിവരങ്ങൾക്ക് www.malayalamuniversity.edu.in എന്ന വെബ്സൈറ്റ് സന്ദർശി ക്കാവുന്നതുമാണ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം

രജിസ്ട്രാർ ഇൻ ചാർജ്

വി.സി. കാര്യാലയം/മലയാളസർവകലാശാല വെബ്സൈറ്റ്/
അക്കൗണ്ട്സ്/പി.ആർ.ഒ./എസ്റ്റേറ്റ് ഓഫീസർ/ഫ്രണ്ട് ഓഫീസ്/
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ഓഫീസ് രേഖ/കരുതൽ രേഖ